<u>ഭരണഭാഷ – മാതൃഭാഷ</u>

**പൊതുവിദ്യാഭ്യാസ**
**ഡയറക്ടറുടെ കാര്യാലയം,**
**ഹയർ സെക്കന്ററി വിഭാഗം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,**
**ശാന്തി നഗർ, തിരുവനന്തപുരം**

HSE/7707/2025-Exam V-1 തീയതി: **05-05-2025**

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - ഹയർസെക്കൻഡറി പരീക്ഷാ വിഭാഗം - ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷ മാർച്ച് 2025 - പുനർ മൂല്യനിർണയം, സൂക്ഷ്മപരിശോധന ഫോട്ടോകോപ്പി - സംബന്ധിച്ച്

**2025** മാർച്ചിൽ നടന്ന ഒന്നാം വർഷ ഹയർ സെക്കൻഡറി ഇംപ്രൂവ്മെൻറ് ഫലം **05.05.2025** തീയതിയിൽ പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം **results.hse.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സൂക്ഷ്മ പരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കായി നിർദ്ദിഷ്ട ഫാറങ്ങളിലുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം, വിദ്യാർത്ഥികൾ പ്രിൻസിപ്പലിന് **12.05.2025** തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ്.

ലക്ഷദ്വീപ്, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ ഹയർസെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അപേക്ഷാഫീസ്, ഡിമാൻറ് ഡ്രാഫ്റ്റ് **(Drawn in favour of Joint Director, Examinations (Higher Secondary Wing), Directorate of General Education, Thiruvananthapuram)** മുഖാന്തിരം അതാതു സ്കൂൾ പ്രിൻസിപ്പൽമാർ മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർ പൂരിപ്പിച്ച അപേക്ഷകളോടൊപ്പം പുനർമൂല്യനിർണ്ണയ ഫീസ് കൈപ്പറ്റി പി.ഡി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്കായുള്ള ഫീസ് ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്. ഫോട്ടോകോപ്പി, സൂക്ഷ്മപരിശോധന എന്നിവയ്ക്കായുള്ള അപേക്ഷാ ഫീസ് **"0202-01-102-97-03 (other receipts)"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. റീഫണ്ടിന് അർഹരായ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പൽമാർ തുക അനുവദിച്ച് നൽകിയതിനുശേഷം, ബാക്കിയുള്ള തുക ബന്ധപ്പെട്ട ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ചെലാന്റെ പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതും അസൽ ആഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

എന്നാൽ അൺഎയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സൂക്ഷ്മപരിശോധന എന്നിവയ്ക്കായി അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ ട്രഷറികളിൽ ഒടുക്കേണ്ടതാണ്. റീഫണ്ടിന് അർഹരായ അൺഎയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളുടെ അപേക്ഷ ചലാൻ,ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം അതാത് പ്രിൻസിപ്പൽമാർ മുഖേന ഹയർ സെക്കൻഡറി

ഡയറക്ടറേറ്റിലേയ്ക്ക് അയച്ചു നൽകേണ്ടതാണ്. (റീഫണ്ടിന് അർഹരായവരിൽ E-Chalan മുഖേന ഫീസ് ഒടുക്കിയവർ E-Treasury വഴി **Refund Request** സമർപ്പിച്ചതിനുശേഷം അനുബന്ധരേഖകൾ സമർപ്പിക്കേണ്ടതാണ്)

അപേക്ഷാഫോറങ്ങൾ അതാതു സ്കൂളുകളിൽ/**Department Portal** ൽ നിന്നും ലഭിക്കുന്നതാണ്.

പ്രസ്തുത വിവരങ്ങൾ പ്രിൻസിപ്പൽമാർ 14.05.2025 തീയതിക്കുള്ളിൽ **i-Exam** മുഖേനയുള്ള ലിങ്കിലൂടെ അപ്ലോഡ് ചെയ്യേണ്ടതാണ്. **യാതൊരു കാരണവശാലും അപേക്ഷകൾ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.**

## ഫീസ് വിവരങ്ങൾ

| | | |
|---|---|---|
| പുനർമൂല്യനിർണ്ണയം | - | **Rs. 500/- per subject** |
| സൂക്ഷ്മപരിശോധന | - | **Rs. 100/- per subject** |
| ഫോട്ടോകോപ്പി | - | **Rs. 300/- per subject** |

**Head of Account - "0202-01-102-97-03 (other receipts)"**

Signed by
K Manickaraj
Date: 05-05-2025 17:[illegible]0:44

**സെക്രട്ടറി**
**ജോയിന്റ് ഡയറക്ടർ**
**ബോർഡ് ഓഫ് ഹയർ സെക്കൻഡറി**
**എക്സാമിനേഷൻസ്, കേരളം**

എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർക്കും....